## സ്കൂൾ കായികമേളകളും കലാമേളകളും

22 (7085) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കായിക മേളകൾക്കും കലാമേളകൾക്കും വിദ്യാഭ്യാസ വകുപ്പ് തുല്യപ്രാധാന്യം നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കലാമേളകൾക്ക് സംഘാടനത്തിന് ഭീമമായ തുക നൽകുമ്പോൾ, ഇന്ത്യയുടെ യശ്ശസ് ഉയർത്തുന്ന പ്രതിഭകളെ കണ്ടെത്തുന്ന കായികമേള സംഘടിപ്പിക്കുന്നതിന് തുച്ഛമായ തുകയാണ് നൽകുന്നതെന്ന പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്കൂൾ കായിക മേളകളുടേയും കലാമേളകളുടേയും സംഘാടനത്തിൽ സാജാത്യങ്ങൾ ഏറെയുണ്ടെങ്കിലും അതുപോലെതന്നെ വൈജാത്യങ്ങളും ഉണ്ട്. കലാമേളകളുടെ സംഘാടനത്തിന് പ്രധാന വേദികളുടെ നിർമ്മാണം, ഘോഷയാത്ര, മേളയുമായി ബന്ധപ്പെട്ട ജഡ്ജസുമാരുടെ താമസസൗകര്യം എന്നീ വിഷയങ്ങളിൽ വളരെയധികം തുക വിനിയോഗിക്കേണ്ടി വരുമ്പോൾ കായിക മേളകളിന്മേൽ സൂചിപ്പിക്കപ്പെട്ട വളരെ ചെറിയ തുക മാത്രമേ വേണ്ടിവരുന്നുള്ളൂ. ഭക്ഷണം, താമസം, യാത്ര എന്നീ വിഷയങ്ങളിൽ ഈ രണ്ട് മേളകൾക്കും ഏതാണ്ട് തുല്യമായ തുക ചെലവ് വരുന്നുവെന്ന് കണക്കാക്കുന്നു. ഫണ്ടിന്റെ അപര്യാപ്തതമൂലം കലാകായിക മേളകളുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സമുണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## എയ്ഡഡ് സർക്കാർ മേഖലയിലെ പൊതു വിദ്യാലയങ്ങൾ

23 (7086) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡഡ്/സർക്കാർ മേഖലയിൽ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. തലത്തിൽ എത്ര പൊതു വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ഓരോ വിദ്യാലയത്തിന്റെയും മാനേജ്മെന്റിൽ എൻ.എസ്.എസ്. എസ്.എൻ.ഡി.പി., എം.ഇ.എസ്. മറ്റു ട്രസ്റ്റുകൾ, സ്വകാര്യ വ്യക്തികളുടെ മാനേജ്മെന്റുകൾ എന്നിവർ നടത്തുന്ന സ്ഥാപനങ്ങളുടെ കണക്കുകൾ പ്രത്യേകം വെളിപ്പെടുത്തുമോ ;

(സി) എയ്ഡഡ് സ്ഥാപനങ്ങളും അവയുടെ മാനേജ്മെന്റും കുട്ടികളുടെ എണ്ണവും ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

| | ഗവൺമെന്റ് | എയ്ഡഡ് |
|---|---|---|
| 1. എൽ.പി. സ്കൂൾ | 2607 | 3910 |
| 2. യു.പി. സ്കൂൾ | 924 | 1845 |
| 3. ഹൈസ്കൂൾ | 1089 | 1406 |

ഹയർ സെക്കന്ററി സ്കൂളുകളുടെ വിശദാംശം ശേഖരിച്ചുനൽകുന്നതാണ്.

(ബി&സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം**

24 (7087) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയനവർഷം ഒന്നേകാൽ മാസം പിന്നിട്ടിട്ടും സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സ്പെഷ്യൽ അരി ഇതേവരെ നൽകിയിട്ടില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഓരോ കുട്ടിക്കും എത്ര കിലോ അരി നൽകുവാനാണ് പദ്ധതിയിട്ടത് ; അരി നൽകുവാൻ എത് ഏജൻസിയെയാണ് വിദ്യാഭ്യാസ വകുപ്പ് ചുമതലപ്പെടുത്തിയത് ; ആയതിലേക്ക് എന്ത് തുക അനുവദിച്ചു ; എന്നത്തേക്ക് അരി നൽകുവാനാണ് തീരുമാനം ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം എല്ലാ സ്കൂളുകളിലും ഇതേവരെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ ;

(ഡി) കഞ്ഞിയോടൊപ്പം കുട്ടികൾക്ക് ആഴ്ചയിൽ എന്തൊക്കെ ആഹാര സാധനങ്ങളാണ് നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത് ; ഇതിലേക്കാവശ്യമായ തുക എപ്രകാരം സ്വരൂപിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത് ;

(ഇ) എത്ര ദിവസത്തിനകം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഉച്ചക്കഞ്ഞി വിതരണം പ്രാബല്യത്തിൽ വരുത്താൻ കഴിയും ; വിശദമാക്കുമോ ;

(എഫ്) സർക്കാർ സ്കൂളുകളിലെ ഉച്ചഭക്ഷണത്തിന്റെ ചുമതല പി.ടി.എ.-ക്കും മേൽനോട്ട ചുമതല സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി)ക്കും നൽകിയ സർക്കാർ ഉത്തരവ് ഫലപ്രദമായി നടപ്പിൽ വരുത്താൻ സാധിക്കുമോ ; കുട്ടികളുടെ ഉച്ചക്കഞ്ഞി വിതരണത്തിൽ വരുന്ന കാലതാമസം വിശദമാക്കുമോ ;

(ജി) ഈ അധ്യയനവർഷം മുതൽ രൂപീകരിച്ചിട്ടുള്ള സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾക്ക് സ്കൂൾ ഭരണത്തിലും അക്കാദമിക് കാര്യങ്ങളിലും ഇടപെടാൻ അവകാശം നൽകിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly